ശ്രീമതി ലീലാ ദാമോദരമേനോൻ : മൂന്നാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിനായി എല്ലാ ഡിപ്പാർട്ടുമെൻറുകളിലും അഡൈവസർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : മിക്ക ഡിപ്പാർട്ടുമെൻറുകളിലും അതാതു ഡിപ്പാർട്ടുമെൻറുകളിൽ ഉൾപ്പെട്ടതേണ്ട സ്കീമുകളെപ്പറ്റി പരിശോധിക്കുന്നതിനുവേണ്ടി, ഓരോ വകിംഗ് ഗ്രൂപ്പിനെ ശുപാർശ ചെയ്തിട്ടുണ്ട് ; മിക്കവാറും ശുപാർശകളിൽ കഴിഞ്ഞു ; ബാക്കിയുള്ളതു് ഉടനെ ശുപാർശ ചെയ്യുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഭക്ഷ്യോൽപ്പാദനത്തിനു് ഏറ്റവും പ്രാധാന്യം നൽകണമെന്നുള്ള പ്രസ്താവനയുടെ വെളിച്ചത്തിൽ, ഈ കാര്യത്തിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഉണ്ട് ; വകിംഗ് ഗ്രൂപ്പ് അതിനെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീമതി ലീലാ ദാമോദരമേനോൻ : എല്ലാ ഡിപ്പാർട്ടുമെൻറിലും വകിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നു പറയുന്നു. ഭക്ഷ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം, ഉപദേശം നൽകുന്നതിനായി പുറമേനിന്നും ഒരു ഉപദേഷ്ടാവിനെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഉണ്ട്.

ശ്രീമതി ലീലാ ദാമോദരമേനോൻ : ഈ ഡിപ്പാർട്ടുമെൻറിൽ മാത്രം ഒരു പ്രത്യേക ഉപദേഷ്ടാവിനെ നിയമിക്കാൻ കാരണമെന്താണ് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അതിൻറെ പ്രാധാന്യംകൊണ്ടുതന്നെ

ശ്രീ. എൻ. ഇ. ബലറാം : മൂന്നാം പഞ്ചവത്സരപദ്ധതിയുടെ മുഖ്യലക്ഷ്യം ഭക്ഷ്യോൽപ്പാദനമാണെന്നു് തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : മുഖ്യലക്ഷ്യങ്ങളിൽ ഒന്നാണത്.

പേരൂർ ഗാന്ധിസേവാശ്രമം.

* 1523. [11] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പാലക്കാട്ടു ജില്ലയിൽ പത്തിരിപ്പാലയ്ക്കു സമീപമുള്ള പേരൂർ ഗാന്ധിസേവാശ്രമത്തിനു് ഇതുവരെയായി ഖാദി കമ്മീഷൻ ഏതു സംഖ്യയോളമായിട്ടും സബ്സിഡിയായിട്ടും കൊടുത്തിട്ടുണ്ടു് ;

(ബി) ഏതെല്ലാം ഇനങ്ങൾക്കുവേണ്ടി ;

(സി) കേരള ഖാദിബോർഡു് വല്ല തുകയും അനുവദിച്ചുകൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതിനങ്ങൾക്കു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ, ബി) അറിവില്ല.

(സി) ഉണ്ട്.

(ഡി) ഗ്രാമീണ എണ്ണയാട്ടു വ്യവസായങ്ങൾ, ചക്കുനിർമ്മാണത്തിനു് മുൻപേ 4750 രൂപ, ഗ്രാൻറ് 1750 രൂപ, കൈക്കുത്തരി വ്യവസായത്തിനു് ഗ്രാൻറ് 445 രൂപ, മൺവ്യവസായത്തിനു് സെയിൽസ് എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് 888 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ഇ. പി. ഗോപാലൻ: ഖാദി കമ്മീഷൻ കേരളത്തിലെ ഏതെങ്കിലും സ്ഥാപനത്തിനു് കടമോ, മറ്റു സഹായധനമോ കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഉണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : അങ്ങനെ കൊടുക്കുന്നതിന്റെ കാര്യത്തിനു പരിഗണിച്ചാണോ ഖാദി ബോർഡിൽനിന്നും കടം കൊടുക്കുന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ : അതിന്റെ പരിഗണന വച്ചുകൊണ്ടാണു് ചെയ്യുന്നതു്.

ശ്രീ. ഇ. പി ഗോപാലൻ : പലപ്പോഴും ഖാദി കമ്മീഷനിൽനിന്നും കടം വാങ്ങുകയും, ഖാദിബോർഡിൽനിന്നും കടം വാങ്ങുകയും ചെയ്യുന്ന പതിവു് നിലവിലുണ്ടെന്നറിയാമോ ?

ശ്രീ. കെ. പി ഗോപാലൻ : അങ്ങനെ ഗവണ്മെന്ററിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കഴിവുള്ള ഖാദി കമ്മീഷൻ നേരിട്ടു സഹായധനം കൊടുക്കുന്ന സ്ഥാപനങ്ങൾക്കു് കൊടുക്കാതിരിക്കുകയും മറ്റു സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു നയമാണു് സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ : ഖാദി കമ്മീഷൻ കൊടുക്കുന്ന കടം വേണ്ട വിധത്തിൽ വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനു് ഖാദി ബോർഡിനു് അധികാരം നൽകണമെന്നു് ഖാദി കമ്മീഷനോടാവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ പരിശോധിക്കുന്നതിനുള്ള അധികാരം ഇപ്പോഴും ഖാദിബോർഡിനുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ഗ്രാമവ്യവസായങ്ങൾക്കു് ഖാദി കമ്മീഷൻ നേരിട്ടു സഹായധനമൊന്നും നൽകുന്നില്ലെന്നും, അതെല്ലാം സ്റ്റോറു് ബോർഡു വഴിയാണു് കൊടുക്കുന്നതെന്നും ഗവണ്മെന്ററിനറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : നേരെ മറിച്ചാണു് ; ഖാദി കമ്മീഷൻ നേരിട്ടു് എത്രയോ സഹായധനം സ്റ്റോറിൽ കൊടുത്തുവരുന്നുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ഖാദി കമ്മീഷൻ, ഖാദിപ്രവർത്തനങ്ങളും, എണ്ണയാട്ടു്, സോപ്പുവ്യവസായം മുതലായ മറ്റു വ്യവസായങ്ങളും നടത്തുന്ന സ്ഥാപനങ്ങളെ മുൻപുതന്നെ അംഗീകരിച്ചിട്ടുള്ളതിനു് നേരിട്ടു സഹായധനം കൊടുക്കുന്നില്ല, സ്റ്റോറു് ബോർഡു് വഴിയാണു് അതു കൊടുക്കേണ്ടതെന്നു് വ്യവസ്ഥ ചെയ്തിട്ടില്ലേ ?

ശ്രീ. കെ. പി. ഗോപാലൻ : ഇപ്പോഴും ഗ്രാമവ്യവസായങ്ങൾക്കു് ചില സ്ഥലങ്ങളിൽ ഖാദി കമ്മീഷൻ നേരിട്ടു കടം കൊടുത്തുവരുന്നുണ്ടു്.

ശ്രീ. തലേക്കര കെ. കുഞ്ഞൻ : മേലാൽ, ഖാദി കമ്മീഷന്റെ സഹായധനം, ഖാദിബോർഡു വഴി മാത്രം കൊടുക്കാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെയൊരു നിർദ്ദേശം ഖാദി കമ്മീഷന്റെ മുൻപിൽ വയ്ക്കുകയുണ്ടായി. എന്നാൽ, ഖാദി കമ്മീഷൻ നേരിട്ടു സഹായധനം കൊടുത്തുവരുന്നതായ സമ്പ്രദായം തുടർന്നുപോകണം എന്നൊരു നയമാണു് ഖാദി കമ്മീഷൻ ഇപ്പോഴും അംഗീകരിച്ചിട്ടുള്ളതു്. അതേസമയത്തു് ചില സ്ഥാപനങ്ങൾക്കു് ഖാദി കമ്മീഷൻ സഹായധനം കൊടുക്കുന്നതെങ്കിൽ, ഖാദി കമ്മീഷന്റെ കീഴിലുള്ള ഖാദിബോഡു് രക്കമെൻറു ചെയ്യണമെന്നുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ഖാദി കമ്മീഷന്റെ സഹായധനം, സ്റ്റോറു ബോർഡുവഴി മാത്രമേ വിതരണം ചെയ്യാവൂ എന്ന ഇ ഗവണ്മെൻറു ശുപാർശ ചെയ്തതു്, ഇ ഗവണ്മെൻറിനു വ്യവസായരംഗത്തും മറ്റും സ്വന്തം അഭിപ്രായം നിലനിർത്തുന്ന നയം പ്രയോഗത്തിൽ വരുത്താനായിരുന്നില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : ആ ധാരണ തെറ്റാണെന്നാണ് എന്റെ അഭിപ്രായം. ഈ സ്റ്റോറിൽ ഒരു ഖാദി ബോർഡു ശുപാർശ ചെയ്തിട്ടുള്ള സ്ഥിതിക്ക്, ഖാദി കമ്മീഷൻ മുഖേന നൽകുന്ന സഹായധനം ഖാദി ബോർഡു വഴി തരുന്നതായാണ് വിതരണം ചെയ്യേണ്ടതെന്നുള്ളതു ആരും സമ്മതിക്കുന്ന ഒരു കാര്യമാണ്. ആ തത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഗവണ്മെന്റു ഖാദി കമ്മീഷൻ മുമ്പാകെ ഈ നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതു്. ഖാദി കമ്മീഷൻ അപ്രകാരം അതു അംഗീകരിക്കുന്നുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : മുൻപു് കാര്യക്ഷമമായി ഖാദി പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, സ്റ്റോറു ബോഡു വളരെ പ്രതികൂലമായ ഒരു മനോഭാവം സ്വീകരിച്ചിട്ടുണ്ടെന്നും, ഖാദി പ്രവർത്തനം എന്താണെന്നറിയാത്തവരും, ഖാദി ധരിക്കാത്തവരുമായ ബോർഡിലെ അംഗങ്ങളെ ആ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുന്നുവെന്നും ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ആ പ്രസ്താവന തെറ്റാണെന്നാണ് എന്റെ അഭിപ്രായം. ഖാദി കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്നുവെന്നു പറയുന്ന ചില സ്ഥാപനങ്ങൾക്കു ഇന്നു് അഡ്വാൻസുപോലും ഇല്ലെന്നുള്ള വസ്തുത എനിക്കു നേരിട്ടറിയാം. ചില സ്ഥാപനങ്ങൾ ഖാദി കമ്മീഷനിൽ നിന്നും ലക്ഷക്കണക്കിനു രൂപ ലോണായും, സഹായധനമായും പാറിക്കൊണ്ടു് ആ പണം മുഴുവൻ ദുരുപയോഗപ്പെടുത്തിയിട്ടുള്ളതായും തെളിവുണ്ടു് നേരേമറിച്ചു്, ഖാദി ബോർഡിനെ സംബന്ധിച്ചിടത്തോളം ശരിയായ പ്രവർത്തനം നടത്തുന്ന എല്ലാ സ്ഥാപനങ്ങൾക്കും പ്രോത്സാഹനം നൽകിയും, സഹായം ചെയ്തും വരികയാണെന്നുള്ള വിവരം പ്രതിപക്ഷ നേതാവിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : സഹായ ധനത്തിനു അപേക്ഷകരും അയച്ചാൽ, ഭരിക്കുന്ന പാർട്ടിക്കു താൽപര്യമില്ലാത്തവരുടേതാണെങ്കിൽ അതിനു് മറുപടി പോലും അയയ്ക്കുന്ന പതിവില്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ: ഇതു വെറും ഭാവനയിൽ നിന്നും പറയുന്ന ഒരു അഭിപ്രായമാണ്. നേരേമറിച്ചു, ഖാദി ബോർഡിന്റെ സഹായധന ലിസ്റ്റുകൾ പരിശോധിച്ചാൽ അതിൽ നിന്നും വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും, ഖാദി കമ്മീഷന്റെ കീഴിലുള്ള സ്ഥാപനങ്ങളായാലും ശരി, ഏതു പാർട്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായാലും ശരി എല്ലാ സ്ഥാപനങ്ങൾക്കും പ്രോത്സാഹനവും, സഹായവും ചെയ്തിട്ടുണ്ടെന്നു്, ഈ വസ്തുത വളരെ അസന്നിഗ്ദ്ധമായ ഭാഷയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അറിയിക്കാൻ താൻ ആഗ്രഹിക്കുകയാണു്.

ചൂരൽ വെട്ടുവാൻ ലൈസൻസു്.

* 1524. [13] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൂരൽകൊണ്ടു കുടിൽവ്യവസായം നടത്തി ഉപജീവിക്കുന്നവരുടെ കുടുംബങ്ങൾ, ചൂരൽ വെട്ടുവാൻ ലൈസൻസു് ഏർപ്പെടുത്തിക്കൊണ്ടുള്ള ഗവണ്മെൻറുത്തരവുമൂലം ദുരിതം അനുഭവിച്ചുവരുന്ന വസ്തുത ഗവണ്മെൻറു ശ്രദ്ധിക്കാനിടയായിട്ടുണ്ടോ ;

(ബി) ലൈസൻസിനു് അപേക്ഷിച്ചിട്ടു ലൈസൻസു നൽകുവാൻ അധികൃതർ (ഡിസ്ട്രിക്റ്റു ഇൻഡസ്ട്രീസു് ആഫീസർ) താമസിപ്പിക്കുകകാരണം ചൂരൽ കുടിൽവ്യവസായികൾ പട്ടിണിയിലാണെന്നു ഗവണ്മെൻറിനു് പരാതികൾ ലഭിച്ചിട്ടുള്ളതല്ലേ ?

(സി) ഗവണ്മെൻറു അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly